സംസ്കൃതിയുടെ ചന്ദ്രോദയത്തിന് ഒരു നൂലർച്ചന!

പദ്മദാസ്



സംസ്കൃതിയുടെ ചന്ദ്രോദയത്തിന് ഒരു നൂലർച്ചന!

പദ്മദാസ്
(മലയാളം: ലേഖനം)

© 2026, Padmadas

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Moon Evening, Lighthouse, a painting by Anna Ancher (1859–1935). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

സംസ്കൃതിയുടെ ചന്ദ്രോദയത്തിന് ഒരു നൂലർച്ചന!

(നൂൽപ്പാലം എന്ന അക്കിത്തം കവിതയുടെ പഠനം)

> ("ക്ഷണാൽ ഭവദ്വർത്തുളകാന്തിപൂരം
> പ്രത്യക്ഷമാം ദൈവതമാകയല്ലീ?")

ആധുനികശാസ്ത്രത്തിന്, ആകാശത്തിലെ ചന്ദ്രൻ പ്രപഞ്ചയാഥാർത്ഥ്യമാവുമ്പോൾ, വിശ്വാസിയ്ക്ക് ഇന്നും, ചന്ദ്രൻ ഒരു ആരാധനാമൂർത്തിയാണ് ശാസ്ത്രത്തിന് അതിന്റേതായ യുക്തികളുള്ളതുപോലെ, വിശ്വാസിയ്ക്കും തന്റെ തന്നെ വിശ്വാസാധിഷ്ഠിതങ്ങളായ യുക്തി പറയുന്ന വീക്ഷണങ്ങൾ ഉണ്ട്. അത് ദുർബ്ബലമെന്ന് യുക്തിപക്ഷക്കാർ എണ്ണിയേയ്ക്കാം. യുക്തിയുടെയും ശാസ്ത്രത്തിന്റെയും സഹജതകളേയും, ന്യായങ്ങളേയും, സത്യങ്ങളേയും ആലിംഗനം ചെയ്തുകൊണ്ടു തന്നെ, ഒരു പക്ഷേ, വിശ്വാസി, വെറുമൊരു നൂലിഴയുടെ താങ്ങിൽ വൈതരണികളുടെ സേതു തന്നെ കടന്ന് മറുന്നേറിയേക്കാം. മറ്റു ദോഷങ്ങളില്ലെങ്കിൽ, മറ്റു പാർശ്വഫലങ്ങളില്ലെങ്കിൽ തന്റെ മനസ്സിന് ഉന്മേഷവും ബലവും പ്രകാശവും നല്കുന്ന യുക്തിസഹമല്ലാത്ത ഒരു വിശ്വാസത്തെ മനഷ്യൻ മുറുകെപ്പിടിക്കുന്നതിൽ തെറ്റെ പറയാനാവുമോ? ശാസ്ത്രത്തിന്റെ യുക്തിഭദ്രതയല്ല; തന്റെ യുക്തിരഹിത വിശ്വാസത്തിന്റെ അതിലോലമായ മൂണാളസൂത്രമാണ് അവനെ ചിലപ്പോൾ മുന്നോട്ടു നയിക്കുക. അറിഞ്ഞുകൊണ്ട് അവൻ ആ മാർഗ്ഗം അവലംബിക്കുമ്പോൾ, യുക്തിസഹമല്ലെന്ന അറിവില്ല ഒരു വിശ്വാസത്തെ പൂർകസ്പോൾ, അയാൾക്കത് വിലപ്പെട്ടതും പ്രിയങ്കരവും ധന്യതാദാതാവുമായിരിക്കെ, മറ്റുള്ളവർക്കത് എങ്ങനെ വേണ്ടെന്നു പറയാനാകും? ആത്മകർമ്മങ്ങൾ നിശ്ശബ്ദമെങ്കിലുമാണ് അനുഷ്ഠിക്കുന്നതും ആത്യന്തികമായി വ്യക്തിഗതമാകേണ്ടതില്ലേ?

സത്യം ഒന്നേ ഉള്ളൂ എന്നു പറയാനാവാത്ത ഒരു ലോകത്താണ് നാം ജീവിയ്ക്കുന്നത്. സത്യാനന്ദരകാലം (post truth era) എന്ന ഒരു സംജ്ഞ തന്നെ നമ്മൾ ഉത്തരിച്ചെടുത്തു്. വർത്തമാനത്തിൽ സത്യത്തെ തിരിച്ചിട്ടും മറിച്ചിട്ടും അവലോകനം ചെയ്തു കൊണ്ടിരിക്കുന്നു. എന്നിട്ടും ചിലപ്പോളതു് വേണ്ടും വല്ലും വെളിപ്പെടുന്നതില്ല. സ്വർണ്ണപാത്രം കൊണ്ട് മൂടപ്പെട്ടതാണല്ലോ സത്യം. ("ഹിരണ്മയേന പാത്രേണ സത്യസ്യാപിഹിതം മുഖം"—ഈശാവാസ്യം) ഒരൊറ്റ സ്വർണ്ണപാത്രത്തിനെ കിഴിൽ എത്രയെത്ര സത്യങ്ങൾക്ക് വിദശമായി മറഞ്ഞിരിക്കാനാകും!

1969-ൽ അപ്പോളോ ചന്ദ്രനിലിറങ്ങി. അവിടം മനഷ്യപാദസ്പർശമേറ്റു. അതുവരെയുള്ള വിശ്വാസത്തിനു വിഘാതമേല്പിച്ച് ചന്ദ്രൻ ഒരു ആരാധ്യവസ്തു (piece of worship) അല്ലാതായി. 1973-ലാണ് അക്കിത്തം അച്യുതൻ നമ്പൂതിരിയുടെ 'നൂൽപ്പാലം' എന്ന കവിത ('മാനസപൂജ') കോയമ്പത്തൂർ ആര്യവൈദ്യഫാർമസിയുടെ രജതജൂബിലി സൂരണികയിൽ പ്രസിദ്ധീകരിക്കപ്പെടുന്നത്. നാല്പതു വയസ്സു കഴിഞ്ഞ പ്രായത്തിലാണ് അക്കിത്തം ഈ കവിതയെഴുതുന്നതെന്ന് ആദ്യശ്ലോകം തന്നെ പറയുന്നു. നാല്പതു വർഷമായിട്ടും താൻ ശരിയാം വണ്ണം മേല്പോട്ടൊന്നു നോക്കിയില്ലല്ലോ എന്നും, മാസാന്ത്യത്തോടു ടുകമ്പോഴുള്ള ചന്ദ്രന്റെ വൃദ്ധിയിലെ പ്രകാശപൂർണ്ണിമ കണ്ടില്ലല്ലോ എന്നും ആണ് കവിയുടെ മ്ണ്ടിതം. അപ്പോൾ പഴയൊരു സംഭവം അദ്ദേഹത്തിനോർമ്മ വരുന്നു.

> "ക്ഷണാൽ ഭവദ്വർത്തുളകാന്തിപൂരം
> പ്രത്യക്ഷമാം ദൈവതമാകയല്ലീ?
> മനസ്സിൽ വെള്ളാമ്പൽ വിടർന്നു, മാന-
> ത്തനശ്വരപ്രാർത്ഥന സഞ്ചരിച്ചു."

ചന്ദ്രനിൽ മനുഷ്യൻ ചെന്നിറങ്ങിയെന്ന ശാസ്ത്രസത്യമറിയാതെയല്ല അക്കിത്തം ഈ കവിത എഴുതുന്നത്. ആകാശത്തു് താരകരത്നവിഭൂഷിതമായ ചന്ദ്രന്റെ വർത്തുളമായ കാന്തിപൂരം കണ്ടാലെങ്ങിനെ ആരാധിക്കാതിരിക്കാൻ തോന്നും? അന്ന്, തന്നെ എടുത്ത് അമ്പിളിമാമനെ കാണിച്ച അച്ഛന്റെ മനസ്സിൽ വിരിഞ്ഞ ഒരു വെള്ളാമ്പൽ ഇന്ന് സ്വന്തം കട്ടിയെ എടുത്തു നിൽക്കുന്ന തന്റെ മനസ്സിലും വിടർന്നു. (കവിതാരചനയുടെ കാലം വെച്ചു നോക്കുമ്പോൾ ആ കട്ടി കനിഷ്പൂത്രൻ നാരായണൻ തന്നെ ആകണം). ആകാശത്ത് അനശ്വരമായ പ്രാർത്ഥന സഞ്ചരിച്ചു. വെള്ളാമ്പലിലാണ് ജ്ഞാനദേവതയായ സരസ്വതി കുടികൊള്ളുന്നത്. (ഗ്രീക്കാരുടെ ചാന്ദ്രദേവത സെലിൻ ആയതു പോലെ, എന്നുകൊണ്ടോ അക്കിത്തവും സ്ത്രീദേവതയായ സരസ്വതിയെയാണ് ഇവിടെ ചന്ദ്രനോടന്വയിക്കുന്നത്.) അന്ന് ഒരു ജ്ഞാനം, തന്നെ എടുത്തിരിക്കുന്ന അച്ഛന്റെ മനസ്സിലും ഉദിച്ചുയർന്നു. ഇനി, കവിയുടെ വരികൾ:

> "ഉടുപ്പിൽ നിന്നച്ഛനെടുത്തു തന്ന
> നൂലല്ലി ഞാനൽക്കടഭത്തിയോടേ
> ഭവൽപ്രകാശത്തിന നേരെയാരാ-
> ധിച്ചീ? ഭവാനിപ്പൊഴതോർമ്മയുണ്ടോ?"

മനഷ്യൻ ചന്ദ്രന ചാർത്തി നൽകിയ കാല്പനിക ചാന്ദ്രഭംഗികൾ മനഷ്യന്റെ ചന്ദ്രസൂർശനത്തിൽ ഒരുമിച്ചു്ക്കെ അസ്തമിച്ചിരുന്നു, ലോകം മുഴുവനും. അക്കിത്തം പക്ഷേ, വ്യത്യസ്തനാണ്. സത്യമറിഞ്ഞു കൊണ്ട് അത് വിശ്വസിക്കാതിരിക്കുക, തന്റെ ജ്ഞാനസംസ്കൃതി ഓതിപ്പഠിപ്പിച്ചത് പിൻതുടരുക. അക്കിത്തത്തിന് തന്റെയാർജിതങ്ങളെ തിരെ തള്ളിക്കളയാനാവുന്നില്ല.

> "എനിക്കു വയ്ക്കഥ വിശ്വസിക്കാ-
> നിന്നത്തെയിപ്പൂർണ്ണിമ തൻ ചുവട്ടിൽ
> ഇന്നത്തെയീ നിർവ്വൃതിഗംഗയിങ്കൽ-
> കളിച്ച കണ്ണിൽ കളിതദ്ഗമിക്കേ."

ചന്ദ്രികയുടെ കളിർസാന്ദ്രനമേറ്റ്, ചന്ദ്രന ചുവട്ടിൽ (തന്റെ ചാന്ദ്രവിശ്വാസത്തിന ചുവട്ടിൽത്തന്നെ!) നിൽക്കെ, താനതെങ്ങിനെ വിശ്വസിക്കും? നിർവൃതിഗംഗയിൽ കളിച്ച്, പഴയ ഓർമ്മയെ മുൻനിർത്തി അന്ന് അച്ഛൻ മകനായ തന്നെക്കൊണ്ടു ചെയ്യിച്ച അതേ കർമ്മം ആധ്യാത്മാവായ കവി സ്വന്തം മകനെക്കൊണ്ടും ചെയ്യിക്കുന്നു.

> "ഈ നൂലെടുത്തമ്പിളിമാമനാരാ-
> ധിച്ചു. നിനക്കസ്സെളുതാതിരേകം
> നൂൽപ്പാലമായ്വിരശേഷഭാവി-
> ദുഃഖപ്രദത്തിൻ നിരയം കടക്കാൻ."

എന്ന പറയുന്നിടത്ത് കവിത തീരുന്നു; അതുവരെയില്ലാതിരുന്ന ഒരു നൂല്പാലം കവിതയിലേയ്ക്ക് കടന്നു വരികയും ചെയ്യുന്നു. തന്റെ ജ്ഞാന, വിശ്വാസസംസ്കൃതികളെയും തന്റെ പൂർവ്വികാരാനങ്ങളെയും കവിയ്ക്ക് കടഞ്ഞെറിഞ്ഞു കളയാനാവുന്നില്ല. പകർന്നു കിട്ടിയ വിശ്വാസത്തിന്റെ ശരിയും, ആ വിശ്വാസം വരും തലമുറയ്ക്ക് പകർന്നു കൊടുക്കാതിരിക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന മനഷ്യസന്ദിഗ്ധത കവിയിലുണ്ട്; കവിതയിലുമുണ്ട്. ദോഷൈകദൃക്കുകൾ അതിനെ മൂഢവിശ്വാസമെന്നെണ്ണുന്നതിൽ കവിക്കു വിരോധവുമില്ല.

> "എന്തു ചെയ്യാലും തെറ്റാ-
> മെന്ന തോന്നമ്പോൾ ചെയ്വ-
> തെന്തും നീയുറപ്പിച്ച
> ചെയ്യുകയത്രേ വേണ്ടൂ!"
> (ആശാൻ പറഞ്ഞത്—അന്തിത്തിരി)

എന്നാണല്ലോ ഗ്രന്ഥവായ ഇടശ്ശേരി തന്നെ പഠിപ്പിച്ച പാഠം. സന്ദിഗ്ധഘട്ടങ്ങളിൽ തനിക്ക് ശരി എന്നു തോന്നുന്നത് ഉറപ്പിച്ചു ചെയ്യുക.

ഛട്ടത്തിൽപ്പറയട്ടെ, അക്കിത്തത്തിനൊപ്പം അക്കിമണ്ണു പേരിൽ ഛട്ടകവിതയെഴുതിയ ഒളപ്പമണ്ണയും ആശയൈക്യത്തിൽ അദ്ദേഹത്തോടൊപ്പം തന്നെ നിൽക്കുന്നു, 'നിലാത്തിരി' എന്ന കവിതയിൽ. ചന്ദ്രനിൽ ചെന്നിറങ്ങാനുള്ള ഒരു വാഹനനിർമ്മാണോദ്യമം പോലും അദ്ദേഹത്ത ആശങ്കപ്പെടുത്തുന്നു!

> "ചിത്തം ഹരിക്കുമാ മാധവസ്നേഹാ
> കെട്ടു പോയെങ്കിലോ കൈയിലെടുക്കുകിൽ?
> കെട്ടുപായയെങ്കിലോ സൗന്ദര്യപൂജയു
> കത്തിച്ചു വെള്ളിവിളക്കിൻ നിലാത്തിരി?"

സൗന്ദര്യപൂജയ്ക്ക് ഒരു രജതദീപം വേണ്ടേ നമുക്ക്? ഇതാണ് അദ്ദേഹത്തിന്റെ ഉദ്ദേശം. ചന്ദ്രന്റെ ഉയരം ഇനിയും ഛട്ടടെ എന്ന പ്രതിവിധി മാത്രമാണ അതിന്റെ അപ്രാപ്യതയുടെ നിലനില്പിനായി കവി കാണുന്ന ഒരേ ഒരു ഉത്തരം.

> "വാണത്തിലെത്തുമളവിലും കിട്ടാത്ത
> വാനത്തു പൊങ്ങിക്കളിക്കുകെന്നമ്പിളീ"

എന്ന ആശംസയാണ് തന്റെ കല്പനാവിഹായസ്സിലെ ചാന്ദ്രശോഭകൾ നിലനിർത്താനുള്ള ഒറ്റ വഴി. അതങ്ങിനെയാണല്ലോ! കൈയെകിലെത്തുള്ളതല്ലല്ലോ നമുക്ക് ആരാധനാപാത്രം; അതിവിദൂരവും അപ്രാപ്യമായതുമാണല്ലോ!

> "തങ്കത്താഴികക്കുടമല്ല;
> താരാപഥത്തിലെ രശ്മമല്ല;
> ചന്ദ്രബിംബം കവികൾ
> പുകഴ്ത്തിയ സ്വർണ്ണമയൂരമല്ല"

എന്ന് ചന്ദ്രനിൽ മനഷ്യനെത്തിയതിനു പിന്നാലെ, 1970-ൽ പുറത്തിറങ്ങിയ 'പേൾ വ്യൂ' എന്ന സിനിമയിലെ ഗാനം വഴി വയലാർ തന്റെ ചന്ദ്രസങ്കല്പം തന്നെ മാറ്റിയെഴുതി. പക്ഷേ, അക്കിത്തം അതറിഞ്ഞിട്ടും, മനസ്സിലാക്കിയിട്ടും തന്റെ വിശ്വാസം മുറുകെപ്പിടിച്ചു. ആര ശരി, ആര തെറ്റ് എന്ന വിചാരണയല്ല; രണ്ടിലെയും ശരികളെ മാനിക്കലാണ് സംഗതം. അല്ലെങ്കിൽത്തന്നെയും, അക്കിത്തവും ശാസ്ത്രസത്യത്തെ അംഗീകരിക്കുകയും ചെയ്യുന്നണ്ട്. അല്ലെങ്കിൽ, 'ചന്ദ്രഗോളത്തിൽ വെച്ച്' എന്ന കവിതയിൽ,

> "അന്ന നിൻ മടിത്തട്ടിൽപ്പണിയും ഞാ-
> നന്നതമാം പരിഷ്കാരഗോപുരം."

എന്ന് അദ്ദേഹം പറയില്ലല്ലോ! പക്ഷേ, അപ്പോഴും,

> "ഏതു ശക്തി തൻ ദൃശ്യപ്രകാശമി-
> ച്ചേതനാചേതനാളുതന ബ്രഹ്മാണ്ഡം,
> ഞാനതിന്റെ മഹാപ്രതികം, മമ-
> ജ്ഞാനഭക്തികർമ്മങ്ങൾ തന്നിച്ചയും."

എന്ന്, അതേ കവിതയിൽ തന്റെ വിശ്വാസത്തെ കൈയൊഴിയാതിരിക്കുകയും ചെയ്യുന്നു.

പ്രകാശവർഷങ്ങൾക്കകലെയാണെങ്കിലും, സ്വന്തമായ ദീപ്തി പൊഴിക്കാനാവില്ലെങ്കിലും, ചന്ദ്രൻ മനഷ്യന് ഒരാരാധനാ ബിംബമായതെങ്ങിനെ? ഒരു പക്ഷേ, നിരാകരിക്കാനോ നിഷേധിക്കാനോ ആവാത്ത ചില ജൈവപ്രത്യക്ഷങ്ങളോ സ്വാധീനങ്ങളോ ആവാം അതിനു കാരണം. ഇരുപത്തി എട്ട് ദിവസങ്ങൾ കൊണ്ട് (27.3) ചന്ദ്രൻ ഒരു വട്ടം ഭൂമിയെ വലം വെയ്യുന്ന ഖ്ണാർ കലണ്ടർ ആണ് ഇന്നും നാം കാലഗണനയ്ക്ക് ആധാരമാക്കുന്നത്. ചന്ദ്രന്റെ വൃദ്ധിക്ഷയങ്ങളായ കറുത്തവാവും വെളുത്തവാവും പ്രത്യക്ഷമോ പരോക്ഷമോ ആയ സ്വാധീനങ്ങളാണ് ചിരപുരാതനകാലം മുതൽ മനഷ്യജീവിതങ്ങളിൽ ചെല്ലുന്നുന്നത്. സ്നൈണവും പ്രത്യുത്പാദനപരവുമായ ഋതുചക്രം മുതൽ, ഉന്മാദത്തിന്റെ പരകോടികൾ വരെ ചന്ദ്രൻ എന്ന ഉപഗ്രഹത്തിന്റെ സ്വാധീനവലയങ്ങളിൽ ചിലപ്പോൾ നീണ്ടു കിടക്കുന്നണ്ടായിരിക്കാം! ചന്ദ്രന്റെ ഈ വൃദ്ധിക്ഷയങ്ങൾ പലതിനും ആധാരമാണ് ആദികാലം മുതൽ സൂര്യരാധനയോടൊപ്പം തന്നെ ചന്ദ്രനെയും ദൈനംദിനമെന്നോണം ലോകമെമ്പാടുമുള്ള സംസ്കൃതികൾ ആരാധിച്ചു പോന്നു. സൂര്യന്റേതു പോലെ ചന്ദ്രന്റെയും ഗ്രഹത്വാകർഷണം സമുദ്രജലത്തെ ഉയർത്താനും താഴ്ത്താനും പോന്ന വേലിയേറ്റം, വേലിയിറക്കം എന്നീ പ്രതിഭാസങ്ങൾക്കു നിദാനമാണ്

പ്രത്യക്ഷമായ വാക്കുകളില്ലയെയല്ലെങ്കിൽ പോലും, സ്വയം താനൊരു ചാന്ദ്രഭല്ലരൻ (selenophile) ആണെന്ന് അക്കിത്തം പ്രഖ്യാപിക്കുന്ന കവിതയാണ് 'നൂൽപ്പാലം'. (Selene ഗ്രീക് ചാന്ദ്രദേവതയാണല്ലോ!) അചഞ്ചലവും തനിക്ക് പൂർണ്ണബോധ്യമുള്ളതും ആത്മവിശ്വാസവർദ്ധകവുമാണ് 'നൂൽപ്പാലം' എന്ന കവിതയിലെ നായകന്റെ ചന്ദ്രാരാധന.

സൂര്യനിൽ നിന്ന് കടം കൊണ്ട പ്രകാശമാണ് ചന്ദ്രനുള്ളതെങ്കിലും, അജ്ഞതയുടെ ഇരുട്ടിലും ജ്ഞാനവിഷയങ്ങൾക്ക് വെളിച്ചം നൽകുന്നത് എന്ന അർത്ഥത്തിൽ, 'മനഷ്യരായചന്ദ്രിക', 'അബദ്ധാരചന്ദ്രിക', 'വിഷവൈദ്യചന്ദ്രിക' എന്നിങ്ങനെയാണ് നമ്മുടെ പ്രാമാണികജ്ഞാനഗ്രന്ഥങ്ങൾ തന്നെ നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത്. പ്രത്യക്ഷസൗരദൃതിയല്ല, പരോക്ഷമായ ചന്ദ്രികയാണ് ജ്ഞാനോല്പാദനത്തിന്റെ തെളിച്ചമെന്ന് നമ്മുടെ പൂർവ്വികർ മുമ്പേ അറിഞ്ഞിരുന്നിരിക്കാം. ജ്ഞാനദേവതയായ സരസ്വതി കടികൊള്ളുന്ന തന്റെ മനസ്സിൽ "വെള്ളാമ്പൽ വിടർന്നു" എന്ന അക്കിത്തം കവിതയിൽ പറയുന്നതും വെറുതെയാവാനിടയില്ല.

ഗ്രീക്പുരാണത്തിൽ സൂര്യദേവനായ ഹെലിയോസ് പുരുഷനാണെങ്കിൽ, ചന്ദ്രനുമായി ബന്ധിപ്പിക്കപ്പെടുന്നത് സെലിൻ എന്ന മാതൃദേവതയാണ് അങ്ങനെ വരുമ്പോൾ ചന്ദ്രാർച്ചനയുടെ അടിത്തട്ടിൽ ഒരു തരത്തിൽ നിലിനമായ മാതൃപ്രേമം (maternal love) കൂടി ഒളിഞ്ഞു കിടപ്പുണ്ടെന്നു വരുന്നു. ലൂന എന്ന പേരിൽ റോമിലും, ചാങ്കെ എന്ന പേരിൽ ചൈനയിലും ചന്ദ്രൻ ആരാധിക്കപ്പെട്ടിരുന്നതു് സ്ത്രീദേവതമാരായിട്ടായിരുന്നു. സിൻ എന്ന പേരിൽ മെസൊപ്പൊട്ടേമിയയിലും, ഖോൻസു, തോത്ത് എന്നി പേരുകളിൽ ഈജിപ്പിലും പുരാതനകാലത്ത് ചന്ദ്രാരാധന നിലനിന്നിരുന്നു.

ഗണ്ഡിയൽ മാലാഖയിലൂടെ ദൈവം പ്രവാചകനായ മുഹമ്മദിന് ഖുറാൻ ഓതിക്കൊടുത്ത പുണ്യമാസമായ രമാമാസം എന്ന ഒരു ചാന്ദ്രമാസത്തിന്റെ നോമ്പുകാലം കഴിഞ്ഞ്, വിണ്ടും ലൂണാർ കലണ്ടറിലെ പത്താം മാസമായ ശവ്വാൽ മാസപ്പിറ (sighting of the new moon) കണ്ടു കഴിഞ്ഞ ആദ്യദിവസമാണല്ലോ ചെറിയ പെരുന്നാൾ (ഈദുൽ ഫിത്തർ) ആഘോഷങ്ങളുടെ തുടക്കം.

> "തെളിഞ്ഞു നിൽക്കും മുഴുതിങ്കളേ, നീ
> ചൊരിഞ്ഞ മാസാന്തസമൃദ്ധപുണ്യം"

എന്ന തന്നെയാണ് അക്കിത്തവും കവിതയിൽ ആ കാന്തിപൂരത്തെ സ്വന്തം കവിതയിൽ വിശേഷിപ്പിക്കുന്നത്.

ഹിന്ദു മിഥോളജിയിലെ സാത്ത്വികാഹങ്കാരത്തിൽ ചന്ദ്രൻ മനസ്സിന്റെ ദേവതയാണ് വിരാട്പുരുഷവർണ്ണനത്തിൽ, "ചിത്രമെത്രയും മനസ്സായതു ചന്ദ്രനല്ലോ" എന്ന് അദ്ധ്യാത്മരാമായണത്തിലും, (ആരണ്യകാണ്ഡം-കബന്ധസ്തുതി) "മനഃ സുധാംശു" (മനസ്സ് ചന്ദ്രനാണ്) എന്ന 'നാരായണീയ'ത്തിലും (ദശകം 6/7) പറയുന്നണ്ട്. മനസ്സും ചന്ദ്രനുമായുള്ള അഭേദ്യമായ ബന്ധത്തിലേയ്ക്കും ചന്ദ്രന്റെ മനഷ്യ സ്വാധീനത്തിലേയ്ക്കുമാണ് ഇതെല്ലാം വിരൽ ചൂണ്ടുന്നത്.

Lunacy എന്ന ഉന്മാദത്തിന്റെ ആംഗലേയമായ മൂലവാക്കു തന്നെ lunar എന്നാണ്. ഷേക്സ്പിയറുടെ കാലത്തു തന്നെയുണ്ട് ഇത്തരം ചിന്തകൾ.

"It is the very error of the moon. She (moon) comes more nearer earth than she was won't/And makes men mad" എന്ന് ഖമ്ലേയിയിൽ പറയുന്നു.

പ്രകാശവർഷങ്ങൾക്കകലെയുള്ള, സൂർശവേദ്യമല്ലാതെ ദൃശ്യവേദ്യം മാത്രമായ ഒരു ആകാശവസ്തുവിന്റെ (celestial object) വൃദ്ധിക്ഷയങ്ങൾ ഇരുകാലടികൾ ഭൂമിയുടെ പ്രതലത്തിലൂന്നി സഞ്ചരിക്കുന്ന മർത്ത്യനിൽ എന്തെന്തു സ്വാധീനങ്ങൾ ഉളവാക്കുന്നില്ല?

ചാന്ദ്രകിരണങ്ങൾ മനഷ്യമസ്തിഷ്കത്തിനു തണുപ്പേകുന്നു എന്നു പറഞ്ഞത്, ശാസ്ത്രബിദ്ധരധരിയും ചിന്താധാരകളിൽ അക്കിത്തത്തോടു തോൾ ചേർന്നു നിൽക്കുകയും ചെയ്തു വിഷ്ണുനാരായണൻ നമ്പൂതിരിയാണ് (തനിക്ക തന്ന പദ്മശ്രീ അക്കിത്തത്തിനു കൊടുക്കാമായിരുന്നില്ലേ എന്ന സംശയവും ഒരിക്കൽ അദ്ദേഹം ഉന്നയിച്ചു!). 'ചന്ദ്രാസ്ത്രമയം' (ഇന്ത്യ എന്ന വികാരം) എന്ന കവിതയിലെ ആ വരികൾ ഇപ്രകാരമാണ്:

> "നീ പുലർത്തുന്ന സമസ്യൗഷധിവർഗ്ഗത്തേയും,
> നീ സൃഷ്ടമയിൽ ശീതധാരയായ് സ്രവിക്കുന്നു?"

സൂര്യാസ്ത്രമയത്തിന ശേഷവും ഭൂമിയിൽ വെളിച്ചം നിലനിർത്തുന്ന ദ്യുതിപ്രദാതാവു കൂടിയാണി കവിയ്ക്ക് ചന്ദ്രൻ.

> "ആദിത്യനസ്തമിക്കുമ്പോൾ
> ചരങ്ങൾ അചരങ്ങളും
> ചന്ദ്രമസ്സാൽ വെളിച്ചത്തെ
> നിലനിർത്തുന്ന ഭൂമിയിൽ."
> (ശ്രുതിവാക്യം—ശ്രീവല്ലി)

മനുഷ്യന്റെ ഏറ്റവും മൃദുവായ ശരീരഭാഗം മസ്തിഷ്കമാണെന്നും ചാന്ദ്രപ്രകാശം അതിനെ നന്നായി സ്വാധീനിക്കുമെന്നതിനാൽ ഉറക്കത്തെയും അത് എളുപ്പത്തിൽ സ്വാധീനിക്കുമെന്നും ആധുനികശാസ്ത്രം പറയുന്നു.

ജ്യോതിഷത്തിൽ മനസ്സിന്റെ കാരകനാണ് ചന്ദ്രൻ. നിമ്നഷമായ ചാന്ദ്രകമ്പനങ്ങൾ (moon vibrations) ഉണ്ടെന്നു വിശ്വസിക്കപ്പെടുന്നതു കൊണ്ട്, മനശ്ശാന്തിക്ക് തന്ത്രങ്ങളിൽ ചന്ദ്രകാന്തക്കല്ല് ആണത്രേ ധരിക്കേണ്ടതു്. മാതൃമൂല്യങ്ങളെന്ന് (maternal values) കരുതപ്പെടുന്ന ദയാവായ്പ്, സ്നേഹമൃദുത്വം, പരിചര്യ എന്നി മൂല്യങ്ങൾ ഉണ്ടാക്കാനും സ്ത്രീകളിൽ ഹോർമോൺ സ്രണ്ടലിതാവസ്ഥ നിലനിർത്തിവന്ധ്യത തടയാനും ചന്ദ്രകാന്തത്തിന കഴിയുമെന്ന് ഹിന്ദു, റോമൻ മതവിശ്വാസങ്ങളുണ്ട്. Moonstone എന്ന തന്നെയാണല്ലോ ആംഗലേയ നാമം! അർദ്ധസുതാര്യമായ (semitransparent) വെള്ളിയോടു ചേർന്നുനിൽക്കുന്ന വെള്ളനിറം കൊണ്ടും, ചന്ദ്രന്റെ കാന്തിയും നിലാവിന്റെ പേലവത്വവും ഒരുപോലെ ബിംബിക്കുന്നതുകൊണ്ടും ആകാം ചന്ദ്രകാന്തക്കല്ലിന് ആ പേര് കൈ വന്നതു്. ഫ്ലൂറസെൻസ് എന്നു പറയുന്നതുപോലെ ചന്ദ്രകാന്തത്തിന്റെ തിളക്കം adularescence ആണ്. 1981 ആംസ്ട്രോംഗ് 1969-ൽ ചന്ദ്രനിലിറങ്ങിയതിന്റെ സ്മരണയ്ക്കായി അമേരിക്കയിലെ ഫ്ലോറിഡ സ്റ്റേറ്റ് തങ്ങളുടെ ഔദ്യോഗിക രത്നം (official stone) മൂൺസ്റ്റോൺ ആണെന്ന് പ്രഖ്യാപിച്ചു.

മർത്ത്യദിനരാത്രങ്ങളെ (മനഷ്യരെത്തന്നെ) കൊന്നുതിന്നുന്ന ശാശ്വതനും നിതാന്തനുമായ ജഗദ്സാക്ഷിയുടെ രണ്ടു കളിപ്പന്തുകളായി സൂര്യചന്ദ്രാദികളെ കണ്ട ശ്രീനാരായണഗുരുവിന്റെ ദർശനഗരിമയെള്ളടി ഇതോടു ചേർത്തുവെച്ചാൽപ്പോലും ഒരു പക്ഷേ, ചിത്രം പൂർണ്ണമായേയ്യില്ല; ജ്ഞാതതത്തിലെ അജ്ഞാതം അപ്പോഴും ബാക്കി നിൽക്കുമെന്നതിനാൽ!

> "ശനൈരയർന്നയർന്ന വന്ന
> നിന്നെ കൊന്നതിന്നിട്ടും
> ദിനം ദിനം ദിനേശനിന്ദുവെന്ന രണ്ടു കന്ദുകം"

എന്നാണ് ഗുരുവിന്റെ 'സദാശിവദർശന'ത്തിലെ വരികൾ. മർത്ത്യദിനങ്ങളെ കൊന്നതിന്നന്ന രണ്ടു കളിപ്പന്തുകൾ സൂര്യചന്ദ്രാദികൾ!

ഇത്തരം ജ്ഞാനങ്ങളോ വിവേകങ്ങളോ അക്കിത്തത്തിന് അന്യമോ അപരിചിതമോ അല്ലെന്നതും സുവിദിതമാണ്. ഇതെല്ലാം മനസ്സിൽക്കണ്ട് അക്കിത്തം 'നൂൽപ്പാലം' എന്ന കവിത രചിച്ചു എന്നമല്ല പറഞ്ഞു വരുന്നതു്. വരികളിൽ അതിസൂക്ഷ്മതയുടെ ഇത്തരം നിലിനത്വങ്ങൾ അത്ര തന്നെ പ്രകടമല്ലെങ്കിൽപ്പോലും, തീർച്ചയായും കവിതയുടെ ആന്തരധാരയായി, പരോക്ഷസ്വാധിനമായി ഇവയെല്ലാം കവിതയിൽ വർത്തിക്കുന്നണ്ടാവണം. കവി, എഴുതിവെയ്ക്കുന്നതു് കവിത മാത്രമല്ല; തന്റെ ആർജ്ജിതബോധങ്ങളും സങ്കിതസംസ്കാരവും തന്നെയാണ്!

ശാസ്ത്രം ജയിക്കുമ്പോഴും, തോൽക്കാൻ മടിയ്ക്കുന്ന നിലിനവും, അപ്രകാശിതവും, അജ്ഞേയവുമായ സത്യങ്ങൾ ഭൂമിയിൽ ഇപ്പോഴും നിലനിൽപ്പുണ്ട്. ശാസ്ത്രസത്യങ്ങൾ, ശാസ്ത്രത്താൽത്തന്നെ കാലാന്തരത്തിൽ പുനർനിർണ്ണയം ചെയ്യപ്പെടുമ്പോൾപ്പോലും, ഒരു പക്ഷേ, ഈ പ്രപഞ്ചസത്യങ്ങൾ ബാക്കി നിന്നെന്നും വരാം. ചിലപ്പോൾ അനതിവിദൂരഭാവിയിൽ ഇവ പരസ്പരം ഒരു പക്ഷേ, സാംഗത്യത്തോടെ ബന്ധിക്കപ്പെടുകയും ചെയ്യേക്കാം. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട പൗരാണികജ്ഞാനമായി (ancient wisdom) പരിഗണിച്ച് അതിനെ (ചുരുങ്ങിയ പക്ഷം കവിതയുടെ കല്പനാമണ്ഡപങ്ങളിലെങ്കിലും) നമുക്ക് വിശ്വാസതല്പത്തിൽ കയറ്റി ഇരുത്താൻ സമ്മതിച്ചുകൊടുക്കാം.

നൂല് കൊണ്ട് ഒരു പാലം എന്നതു തന്നെ അതീവ ദുർബ്ബലമായ, നിലനില്പാനിടയില്ലാത്ത ഒരു സങ്കല്പമാണ്! എങ്കിലും, കവി അത്ู ഒരു മൂല്യസങ്കല്പമായിത്തന്നെ കാണുന്നു. വിശ്വാസം ചോദ്യം ചെയ്യപ്പെട്ടന്നതു പോലെ വിശ്വാസാധിഷ്ഠിതമായ മൂല്യസങ്കല്പങ്ങൾ ചോദ്യപ്പെടാവുന്നതാണോ എന്നും നാമോർക്കണം. ചുരുങ്ങിയ പക്ഷം അതിന്റെ, സ്വന്തവും സ്വതന്ത്രവുമായ മൂല്യവിചിന്തനമെങ്കിലും മാനിക്കപ്പെടേണ്ടതാണ്

വിമർശനാത്മകമായി കാണുന്നതിലപരി, മൂല്യാധിഷ്ഠിതമായോ, വ്യക്തയധിഷ്ഠിതമായോ ആണ് അത്തരത്തിലുള്ള കാര്യങ്ങളെ കാണേണ്ടത്. മതേതരത്വം ഏതു മതത്തെയും ആരാധിക്കാനുള്ള സ്വാതന്ത്ര്യമാണെന്ന വരുമ്പോൾ, അതിന്റെ രാഗമായി വരുന്ന ഗുണപരമായ വിശ്വാസത്തെയും ഒരാൾ മുറുകെപ്പിടിക്കുമ്പോൾ അത്ู തെല്ലൊന്ന് അനഭാവപൂർവ്വം കണ്ടു കൂടേ? 'നൂൽപ്പാലം' എന്ന കവിതയുടെ അടിത്തട്ടിൽ നിലിനമായ ചില ചോദ്യങ്ങളുണ്ട്. എല്ലാ ആർജ്ജിതങ്ങളും വർജ്ജിതങ്ങളാണോ? സ്വതന്ത്രാവിഷ്കാരങ്ങളിൽ വ്യക്തിപരമായ മുൻഗണനകൾക്ക് (personal preferences) ഒരാൾക്ക് സ്വാതന്ത്ര്യമില്ലേ? നിസ്സാരമെന്നു തള്ളി മാറ്റേണ്ടവയോ വിട്ടുകളയപ്പെടേണ്ടവയോ ആണോ അവ? അതാണ് കവിതയിൽ ചർച്ച ചെയ്യപ്പെടുന്നതു്. മൂല്യവത്തും, ജ്ഞാനവത്തുമായ സംസ്കൃതിയുടെ ജ്ഞാനചന്ദ്രോദയത്തിന് ഒരു നൂലർച്ചനയെങ്കിലും ചെയ്യാതെ മൂല്യവ്യസനിയായ ഒരു കവിയ്ക്ക് എങ്ങിനെ ഈ ഭൂമി വിട്ടുപോവാൻ കഴിയും?

□

പദ്മദാസ്



തൃശ്ശൂർ ജില്ലയിലെ പെരിങ്ങണ്ടൂരിൽ 1963ൽ ജനിച്ചു. തൃശ്ശൂർ കേരളവർമ്മ കോളേജിൽ നിന്ന് ബിരുദം. പബ്ലിക് റിലേഷൻസ്, ബിസിനസ് അഡ്മിനിസ്ട്രേഷൻ എന്നിവയിൽ പി. ജി. ഡിപ്ലോമ. ഇന്ത്യൻ റെയിൽവേ ട്രാഫിക് സർവ്വീസിൽ നിന്ന് ഡെപ്യൂട്ടി ചീഫ് കൊമേഴ്സ്യൽ മാനേജരായി സ്വയം വിരമിച്ചു. 'നഗരയക്ഷി', 'ദേവീവിലാസം സ്കൂൾ', 'ഗുരുവായൂർ', 'ആൽബട്രോസ്', 'പൂക്കാതെയും വാസനിക്കാം', 'സ്വപ്നത്തീവണ്ടി' എന്നീ കവിതാസമാഹാരങ്ങൾ. കുട്ടികൾക്കു വേണ്ടി 'പന്ത്രണ്ടു സോദരരും ഒരു പെങ്ങളും' എന്ന കവിതാപുസ്തകം. 'അനുസ്മൃതികളുടെ സൗഗന്ധികങ്ങൾ' എന്ന വിഷ്ണുനാരായണൻ നമ്പൂതിരിയുടെ ഓർമ്മക്കുറിപ്പുകളുടെ എഡിറ്റർ. സ്വാതി അയ്യപ്പപ്പണിക്കർ കവിതാ പുരസ്കാരം, മലപ്പുറം ജില്ലാ അഡ്വക്കറ്റ്സ് ക്ലർക്ക്സ് അസോസിയേഷന്റെ ഇടശ്ശേരി അവാർഡ്, സംഘമിത്രം കവിതാപുരസ്കാരം, ഒ. വി. വിജയൻ കവിതാ പുരസ്കാരം, സംഗമസാഹിതി കവിതാ പുരസ്കാരം, സൃഷ്ടി കവിതാ അവാർഡ്, അക്കിത്തം കവിതാപ്രബന്ധത്തിനുള്ള പൗർണ്ണമി പുരസ്കാരം എന്നിവ ലഭിച്ചു.

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>